(ബി) എങ്കിൽ , ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാനും ജനങ്ങളിൽ വർഗ്ഗീയതയ്ക്കും ജാതീയതയ്ക്കും തീവ്രവാദത്തിനുമെതിരെ അവബോധം വളർത്തി ജില്ലകളിൽ മതസൗഹാർദ്ദം കാത്തു സൂക്ഷിക്കുന്നതിന് പ്രത്യേക നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കാമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജനസമൂഹത്തിന്റെ വിശ്വാസം ആർജ്ജിച്ച് വർഗ്ഗീയതയ്ക്കും ജാതീയതയ്ക്കുമെതിരെ അവബോധം വളർത്തുന്നതിലും വ്യത്യസ്ത മത വിഭാഗങ്ങൾക്കിടയിൽ മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്നതിനുമായി പോലീസ് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജനമൈത്രി പോലീസ് പദ്ധതിവഴി ജനങ്ങളുമായി നിരന്തരം ഇടപെടുകയും സാമുദായികമായി ചേരിതിരിവുകൾ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ മതസൗഹാർദ്ദവും പരസ്പര വിശ്വാസവും വളർത്തിയെടുക്കുന്നതിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. സ്റ്റുഡന്റ് പോലീസ് പദ്ധതിയിലൂടെ വിദ്യാർത്ഥി സമൂഹത്തിന് സാമുദായിക ചേരിതിരിവുകൾക്കതീതമായി പ്രവർത്തിക്കുന്നതിനായി ബോധവൽക്കരണ പരിപാടികളും ക്ലാസ്സുകളും നടത്തിവരുന്നുണ്ട്. ജില്ലയിലെ സാമൂഹ്യ സാംസ്കാരിക സംഘടനകൾ, വിവിധ പ്രദേശങ്ങളിലെ റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ സാമുദായികമായ വിഭാഗീയ ചിന്തകൾക്കെതിരായി നിലകൊള്ളുന്നതിനും സുരക്ഷിതമായ പൊതുജീവിതം ഉറപ്പുവരുത്തുന്നതിനുമായി വിവിധ കർമ്മ പരിപാടികൾ നടത്തിവരുന്നുണ്ട്. കൂടാതെ അനിഷ്ടസംഭവങ്ങൾ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ 24 മണിക്കൂറും അതീവ ജാഗ്രതയോടെയുള്ള പോലീസ് നിരീക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്.

ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം

26 (2842) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള ഫയലിംഗ് സംവിധാനത്തിൽ നിന്ന് എന്തെല്ലാം മാറ്റങ്ങളാണ് പുതിയ സംവിധാനം മുഖേന ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത സംവിധാനവുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ&ബി) സെക്രട്ടേറിയറ്റിലെ ഉന്നത വിദ്യാഭ്യാസ വകുപ്പ്, ഐ.റ്റി., ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് എന്നീ വകുപ്പുകളിൽ DDFS സംവിധാനം നടപ്പിലാക്കിയിരുന്നു. എന്നാൽ എൻ.ഐ.സി. വികസിപ്പിച്ച ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നതോടെ DDFS ഘട്ടംഘട്ടമായി നിർത്തലാക്കിവരികയാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ചില സെക്ഷനുകളിൽ മാത്രമാണ് ഇപ്പോൾ DDFS നിലവിലുള്ളത്. ഈ വർഷംതന്നെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് സമ്പ്രദായം നിലവിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കെൽട്രോണിന്റെ സഹായത്തോടെയാണ് DDFS സംവിധാനം നടപ്പിലാക്കിയിരുന്നത്.

സർക്കാർ ഡയറി

27 (2843) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുഭരണവകുപ്പ് അച്ചടിച്ച 2015-ലെ ഡയറിയിൽ സർക്കാർ ഗസ്റ്റ് ഹൗസുകളുടെ ടെലഫോൺ നമ്പറുകളുടെകൂടെ സ്വകാര്യ റിസോർട്ടിന്റെ നമ്പർ അച്ചടിക്കുകയുണ്ടായോ ; ഉണ്ടെങ്കിൽ ഏതെല്ലാം സ്വകാര്യ റിസോർട്ടുകളുടെ നമ്പറുകളാണ് അച്ചടിച്ചത് എന്ന് വിശദമാക്കാമോ ;

(ബി) സർക്കാർ ഡയറിയിൽ സ്വകാര്യ റിസോർട്ടുകളുടെ നമ്പർ നൽകുന്നതുകൊണ്ട് സർക്കാരിന് എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടാവുക എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2015 മുതൽ സർക്കാർ ഡയറിയിൽ വിവരങ്ങൾ ചേർക്കുന്നത് ഓൺലൈനിലൂടെയാണ്. ഓരോ വകുപ്പുകളും അവരവർക്ക് അനുവദിച്ച ലോഗിനിലൂടെയാണ് ഓൺലൈൻവഴി വിവരങ്ങൾ ചേർക്കുന്നത്. സർക്കാർ ഡയറിയിൽ റസ്റ്റ് ഹൗസിന്റെ ടെലഫോൺ നമ്പരായി ഒരു സ്വകാര്യ റിസോർട്ടിന്റെ നമ്പർ കടന്നുകൂടിയ സാഹചര്യം അന്വേഷിക്കാൻ ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly